**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം- 695 001.

# പത്രക്കുറിപ്പ്

## KEAM-2019

## കേരളത്തിലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം- സർട്ടിഫിക്കറ്റ്/ അനുബന്ധ രേഖകൾ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സംസ്ഥാനത്തെ വിവിധ പ്രൊഫഷണൽ കോളേജുകളിൽ **എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി/ മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലേക്ക്** പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് **03.02.2019 മുതൽ 2019 ഫെബ്രുവരി 28-ാം തീയതി വരെ** സമയം അനുവദിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ അവരുടെ **നേറ്റിവിറ്റി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും** 28.02.2019-നു മുൻപായി **ഓൺലൈനായി നിർബന്ധമായും** സമർപ്പിക്കേണ്ടതാണ്. കേരളത്തിൽ ജനിച്ചതാണ് എന്നു തെളിയിക്കുന്ന രേഖയായ **എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്/ ജനന സർട്ടിഫിക്കറ്റ്/ പാസ്പോർട്ട്** എന്നിവയിൽ ഏതെങ്കിലും, **നേറ്റിവിറ്റി തെളിയിക്കുന്നതിന്** ഓൺലൈനായി 28.02.2019-നകം അപ്‌ലോഡ് ചെയ്യേണ്ടതാണ്. **റവന്യൂ അധികാരികളിൽ നിന്ന്** വാങ്ങേണ്ടുന്ന രേഖകളായ **കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്** എന്നിവ 31.03.2019-നകം ഇ-ഡിസ്ട്രിക്റ്റ് **മുഖേനയോ, നേരിട്ടോ ലഭ്യമാക്കി,** ഓൺലൈനായി അപ്‌ലോഡ് ചെയ്താൽ മതിയാകും.

തിരുവനന്തപുരം
06.02.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**